പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 6205 02/04/2018 - ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡിലെ ഭരണ സമിതിയുടെ കാലാവധി

ചോദ്യം

ശ്രീ.കെ.എം.ഷാജി

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | കൺസ്യൂമർ ഫെഡിലെ നിലവിലെ ഭരണ സമിതിയുടെ കാലാവധി എത്ര തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്; | എ) | കൺസ്യൂമർ ഫെഡറേഷനിൽ നിലവിൽ 25/07/2016 ൽ നിയമിച്ച 3 അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് ഭരണ നിർവ്വഹണം നടത്തുന്നത്. ടി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി 4 തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| ബി) | കൺസ്യൂമർ ഫെഡിൽ സർക്കാർ സസ്പെൻസ് ചെയ്ത ഭരണസമിതിയ്ക്ക് ചുമതല തിരികെ നൽകുന്നതിന് എന്താണ് നിയമതടസ്സമെന്ന് വ്യക്തമാക്കാമോ; | ബി) | കൺസ്യൂമർ ഫെഡിൽ സസ്പെൻഡ് ചെയ്ത ഭരണ സമിതിയിൽ 15 അംഗങ്ങൾ ഉണ്ടായിരുന്നു. ഇതിൽ 5 പേർ സർക്കാർ നോമിനികളായിരുന്നു. ബാക്കിയുള്ള 10 പേരിൽ പ്രസിഡന്റ് ഉൾപ്പെടെയുള്ള 9 പേർ രാജിവച്ചതു മൂലം ഭരണസമിതിയുടെ ക്വാറം നഷ്ടപ്പെടുകയും തന്മൂലം ഭരണസമിതി നിലവിലില്ലാതാകുകയും ചെയ്തു. ഭരണസമിതി അംഗത്വത്തിൽ നിന്ന് രാജി വച്ച് ഒഴിഞ്ഞ ഭരണസമിതി അംഗങ്ങൾക്ക് ഭരണ ചുമതല തിരികെ നൽകുന്നതിന് നിയമ വ്യവസ്ഥയില്ല. |
| സി) | ഭരണസമിതി തിരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് കോടതി വിധികളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ? | സി) | ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് കോടതി വിധികളൊന്നും നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ